## ആരോഗ്യവകുപ്പ് മേലധികാരിയുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം.

വിഷയം:- ആ.വ.ഡ- ജീവനക്കാര്യം- ഡ്രൈവർ സീനിയർ ഗ്രേഡിൽ നിന്നും സെലക്ഷൻ ഗ്രേഡിലേയ്ക്കുള്ള ആനുപാതിക സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത്. -

സൂചന
1. ഉത്തരവ് നം.എച്ച്.റ്റി7-119218/95/ആ.വ.ഡ തീയതി.28.11.2000
2. ഉത്തരവ് നം.എച്ച്.റ്റി5-28111/15/ആ.വ.ഡ തീയതി 12.5.17
3. 20.1.16-ലെ സർക്കാർ ഉത്തരവ് നം. 7/16/ധനവകുപ്പ്
4. 9.10.17-ലെ എ2-11990/17 നമ്പരായിട്ടുള്ള തൃശ്ശൂർ ജി.മെ.ആ കത്ത്

**ഉത്തരവ് നമ്പർ:എച്ച്റ്റി5-28111/17/ആ.വ.ഡ, തിയ്യതി: 7.11..2017.**

പരാമർശം (2) പ്രകാരം സീനിയർ ഗ്രേഡ് ഡ്രൈവർ തസ്തികയിൽ ജോലി നോക്കിയിരുന്ന 05-പേർക്ക് സെലക്ഷൻ ഗ്രേഡ് തസ്തികയിലേയ്ക്ക് ആനുപാതിക സ്ഥാനക്കയറ്റം നൽകിക്കൊണ്ട് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൽ മേൽ ഉത്തരവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതികളോ ആക്ഷേപങ്ങളോ ഉണ്ടെങ്കിൽ ഉചിതമാർഗ്ഗേണ രേഖാമൂലം അറിയിക്കുവാൻ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം തൃശ്ശൂർ ജില്ലാ മെഡിക്കൽ ആഫീസർ പ്രസ്തുത റാങ്ക് ലിസ്റ്റിൽ 716 (എ) ആയിട്ട് ഉൾപ്പെടുത്തിയ ശ്രീ. സജീവൻ.സി.സി, സീനിയർ ഗ്രേഡ് ഡ്രൈവറുടെ അപ്പീൽ ഉചിതമാർഗ്ഗേണ അയച്ച് തന്നിരിയ്ക്കുന്നു.

സീനിയോറിറ്റി ലിസ്റ്റിൽ 716 (എ) ആയിട്ട് ഉൾപ്പെടുത്തിയ ടിയാനെ പരാമർശം (2) പറയുന്ന ഉത്തരവിൽ ഉൾപ്പെടുത്തുമ്പോൾ ടിയാന് 01.05.2017 തീയതി പ്രാബല്യത്തിൽ സെലക്ഷൻ ഗ്രേഡ് ഡ്രൈവർ തസ്തികയിലേയ്ക്ക് ആനുപാതിക സ്ഥാനക്കയറ്റത്തിന് അർഹതയുണ്ടാകും. പരാമർശം (4) പ്രകാരം ലഭിച്ച ടിയാന്റെ അപ്പീൽ പരിഗണിച്ചപ്പോൾ മേൽ പറയുന്ന തീയതി മുതൽ ടിയാന് ആനുപാതിക സ്ഥാനക്കയറ്റത്തിന് അർഹതയുണ്ടെന്ന് ബോദ്ധ്യപ്പെട്ടു.

മേൽ സാഹചര്യത്തിൽ ചുവടെ പറയുന്ന തീയതി മുതൽ പ്രാബല്യത്തിൽ സെലക്ഷൻ ഗ്രേഡ് തസ്തികയിലേയ്ക്ക് 27800-59400 എന്ന ശമ്പള തോതിൽ കെഎസ്.& എസ് എസ് ആർ പാർട്ട് II, 31 (എ)(i) പ്രകാരം ആനുപാതിക പ്രകാരമുള്ള താൽക്കാലിക സ്ഥാനക്കയറ്റം നൽകിക്കൊണ്ട് ഉത്തരവാകുന്നു.

| ക്രമ നം. | റാങ്ക് നം | പേര് | ജനന തീയതി | പ്രാബല്യം |
|---|---|---|---|---|
| 01 | 716 (എ) | സജീവൻ.സി.സി, | 26.02.1965 | 01.05.2017 |

ടിയാന്റെ പേരും ജനന തീയതിയും സേവന പുസ്തകവുമായി ഒത്തു നോക്കി മാത്രമേ ടിയാനെ മേൽ തസ്തികയിൽ ജോലിയിൽ പ്രവേശിപ്പിക്കാവൂ. ടിയാന്റെ സേവന പുസ്തകത്തിൽ സ്ഥാനക്കയറ്റം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

പരാമർശം 03 ഉത്തരവ് പ്രകാരം പുതിയ ശമ്പളത്തിൽ ശമ്പള നിർണ്ണയം നടത്തുന്നതിന് ടിയാൻ ഒരു ഡിക്ലറേഷൻ ഫോറം (ശമ്പള നിർണ്ണയം വഴി അധികം തുക കൈപ്പറ്റുകയാണെങ്കിൽ തിരികെ അടച്ച് കൊള്ളാം എന്നുള്ളത്) പൂരിപ്പിച്ച് സ്ഥാപന മേധാവിയ്ക്ക് നൽകേണ്ടതാണ്. ആയത് ലഭിയ്ക്കുന്ന മുറയ്ക്ക് ശമ്പളം പുതുക്കി നിശ്ചയിച്ച് നൽകേണ്ടതാണ്.

**ഒപ്പ്**
**സി.എം അജയമോഹൻ**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ**

സ്വീകർത്താവ്,

ബന്ധപ്പെട്ട വ്യക്തികൾക്ക് (വെബ്സൈറ്റ് മുഖാന്തിരം)

പകർപ്പ്:-

1. ആരോഗ്യവകുപ്പ് ഡയറക്ടർ/സീനിയർ.എ.ഒ.( സി.എ മുഖാന്തിരം)
2. ജില്ലാ മെഡിക്കൽ ആഫീസർ തൃശ്ശൂർ(വെബ്സൈറ്റ് മുഖാന്തിരം)
3. ഫയൽ/കരുതൽ ഫയൽ.

**//അംഗീകാരത്തോടെ//**

സീനിയർ സൂപ്രണ്ട്

എസ്.എൻ .8.11